# കേരള സർവകലാശാല

നം. പി.ആർ.211/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## വൈവ-വോസി പരീക്ഷ

കേരള സർവ്വകലാശാല വിദൂരവിദ്യാഭ്യാസ പഠനകേന്ദ്രം 2017 ജൂലൈയിൽ നടത്തിയ എം.എ അറബിക് ഫൈനൽ സപ്ലിമെന്ററി പരീക്ഷയുടെ വൈവാവോസി 2017 സെപ്റ്റംബർ 28 ന് കാര്യവട്ടം അറബിക് ഡിപ്പാർട്ട്മെന്റിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## കേരള സർവകലാശാല ഒന്നാം വർഷ പി.ജി. പ്രവേശനം, 2017– ഓൺലൈൻ അപേക്ഷയിൽ തിരുത്തലിന് അവസരം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിലും (ഗവ./എയ്ഡഡ്/സ്വാശ്രയ/ഐ.എച്ച്.ആർ.ഡി.) യു.ഐ.ടി.കളിലും ബിരുദാനന്തരബിരുദ(പി.ജി.) പ്രവേശനത്തിന് അപേക്ഷിച്ചിട്ടുള്ള (http://admissions.keralauniversity.ac.in) വിദ്യാർത്ഥികൾക്ക് ഓൺലൈൻ അപേക്ഷയിൽ മാറ്റം (തിരുത്തൽ) വരുത്തുവാൻ അവസരം നൽകുന്നു. സെപ്തംബർ 28–ാം തീയതി വൈകുന്നേരം അഞ്ച് മണി മുതൽ ഒക്ടോബർ മൂന്നാം തീയതി വൈകുന്നേരം 5 മണി വരെ സ്വന്തം ഓൺലൈൻ അപേക്ഷയിൽ മാറ്റങ്ങൾ വരുത്താം. ഓൺലൈൻ അപേക്ഷയിൽ നിലവിൽ നൽകിയിട്ടുള്ള ഓപ്ഷനുകൾ ഒഴികെ മറ്റ് തിരുത്തലുകൾ വരുത്തുന്നതിന് ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. നിലവിൽ നൽകിയിട്ടുള്ള ഓപ്ഷനുകളിൽ മാറ്റം വരുത്തുവാൻ അനുവാദമില്ല. ഒക്ടോബർ മൂന്ന് വൈകുന്നേരം 5.00 മണിക്ക് ശേഷം ഓൺലൈൻ അപേക്ഷയിൽ യാതൊരു വിധത്തിലുമുള്ള തിരുത്തലുകളും ഒരു കാരണവശാലും അനുവദിക്കുന്നതല്ല. ഓൺലൈൻ അപേക്ഷയിൽ തിരുത്തലുകൾ വരുത്തുന്നതിന് സർവകലാശാലയെ നേരിട്ട് സമീപിക്കേണ്ടതില്ല. സ്വന്തം നിലയ്ക്ക് അനുവദിച്ചിട്ടുള്ള സമയത്തിനുള്ളിൽ തിരുത്തൽ വരുത്തുവാൻ അപേക്ഷകർ ശ്രദ്ധിക്കേണ്ടതാണ്. ഇത്തരത്തിൽ വരുത്തിയ മാറ്റങ്ങൾ എല്ലാം പരിഗണിച്ച് ഒക്ടോബർ നാലാം തീയതി ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധപ്പെടുത്തും. നിലവിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് തിരുത്തലിന് അവസരം ഇല്ല. പ്രവേശനം നേടിക്കഴിഞ്ഞ വിദ്യാർത്ഥികൾ തങ്ങൾക്ക് ലഭിച്ച കോളേജ്, കോഴ്സ് എന്നിവയിൽ തൃപ്തരാണെങ്കിൽ ഹയർ ഓപ്ഷനുകൾ റദ്ദാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുടർന്നുള്ള അലോട്ട്മെന്റിൽ ഹയർ ഓപ്ഷനിൽ ലഭിച്ച കോളേജും കോഴ്സും നിർബന്ധമായും സ്വീകരിക്കേണ്ടതാണ്. മാറ്റങ്ങൾ (തിരുത്തലുകൾ) വരുത്തിക്കഴിഞ്ഞവർ ഓൺലൈൻ അപേക്ഷയുടെ പുതിയ പ്രിന്റൗട്ട് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്.

(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## എൽ.എൽ.എം മേഴ്സി ചാൻസ് പരീക്ഷ

കേരള സർവ്വകലാശാല 2004-2006, 2009-2011, 2010-2012, 2011-2013 ബാച്ചുകളിൽ എൽ.എൽ.എം പരീക്ഷ എഴുതിയവർക്ക് തോറ്റ വിഷയങ്ങൾ എഴുതുവാൻ മേഴ്സിചാൻസ് അനുവദിച്ചു. ഇനി വരുന്ന എൽ.എൽ.എം പരീക്ഷകളോടൊപ്പം അതത് സെമസ്റ്ററിൽ ഒരു മേഴ്സി ചാൻസ് മാത്രം ലഭിക്കും.

## പ്രോജക്ട് വൈവ പരീക്ഷ

കേരള സർവകലാശാല ആറാം സെമസ്റ്റർ ബി.എ, സി.ബി.സി.എസ്.എസ് (2013 -ന് മുമ്പുള്ള) വിദ്യാർത്ഥികളുടെ പ്രോജക്ട് വൈവ പരീക്ഷകൾ 03-10-2017 രാവിലെ 11 മണിയ്ക്ക് നടത്തുന്നതാണ്. ഹിസ്റ്ററി വിദ്യാർത്ഥികളുടേത് എസ്.ഡി.കോളേജ് ആലപ്പുഴയിലും ഹിന്ദി വിദ്യാർത്ഥികളുടേത് തിരുവനന്തപുരം ഗവ. വനിതാകോളേജിലും ഇക്കണോമിക്സ് വിദ്യാർത്ഥികളുടേത് കേരള സർവകലാശാല പാളയം സെനറ്റ് ഹാൾ ക്യാമ്പസ് ഓഫീസിലും വച്ച് നടത്തുന്നതാണ്.

## ഒന്നാം വർഷ ബിരുദ പ്രവേശനം - 2017 പുതിയ കോളേജ്, കോഴ്സുകൾ

പുതുതായി അഫിലിയേഷൻ നൽകിയ സ്വാശ്രയ കോളേജായ സരസ്വതി കോളേജ് ഓഫ് ആർട്ട്സ് ആന്റ് സയൻസ് വിളപ്പിൽ, തിരുവനന്തപുരം ബി.എ. ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ (30 സീറ്റ്) ബി. കോം. ഇലക്ടീവ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (30 സീറ്റ്) ബി.എസ്.സി. ജിയോളജി (25 സീറ്റ്) എന്നീ കോഴ്സുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഒക്ടോബർ മൂന്നാം തീയതിക്കകം കോളേജിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. സർവകലാശാലയിലേക്ക് അപേക്ഷ അയക്കേണ്ടതില്ല.

## ബി.എഡ് പരീക്ഷ

കേരള സർവകലാശാല ഒക്ടോബർ 30-ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.എഡ് (റഗുലർ/സപ്ലിമെന്ററി 2015 സ്കീം) പരീക്ഷയ്ക്ക് പിഴ കൂടാതെ ഒക്ടോബർ 10 (50 രൂപ പിഴയോടെ ഒക്ടോബർ 12, 125 രൂപ പിഴയോടെ ഒക്ടോബർ 16) വരെ ഫീസടച്ച് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
27.09.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098